TB Movie Panel Weekly Review

**#moviepanel**

അർച്ചന 31 നോട്ട് ഔട്ട്

Written By: Lijo Rachel George

(Note:ഇവിടെ പറയുന്ന A യും B യും രണ്ടു പ്രേക്ഷകരാണ്, ഒരാൾ സിനിമ കണ്ടു, ഒരാൾ കണ്ടിട്ടില്ല)

A: കോവിഡിങ്ങനെ കൂടിയും കുറഞ്ഞും ഇരിക്കുന്നത് കൊണ്ടു കഴിഞ്ഞ മാസം തിയേറ്റർ അടച്ചതിന് ശേഷം, വീണ്ടും ഇക്കഴിഞ്ഞ ആഴ്ചയിലാണല്ലോ തുറന്നത്!എന്നിട്ട്, ഈയടുത്ത് ഇറങ്ങിയ പുതിയ സിനിമ ഏതെങ്കിലും കണ്ടോ?

B : കണ്ടു, കണ്ടു!പുതിയൊരു മലയാളം സിനിമ ഇറങ്ങിയിട്ടുണ്ട്, തിയേറ്റർ റിലീസ് ആണ്, ഇന്നലെ ഇറങ്ങിയതേയുള്ളു; പേര്:അർച്ചന 31, നോട്ട് ഔട്ട്.

A: അതെന്താ സഹോ, ഇങ്ങനൊരു പേര്?വ്യത്യസ്തമായ ഒരു പേരാണല്ലോ?

B: ശരിയാണ്!പേരിൽ വ്യത്യസ്തതയുണ്ട്.എങ്കിലും അധികമാരും കണ്ടിട്ടില്ലാത്ത സ്ഥിതിക്ക് എങ്ങനെയാ അതേപ്പറ്റി കൂടുതൽ പറയുക, സഹോ?

A:അത് കുഴപ്പമില്ല, ഒരു ചെറിയ സൂചന മതി സഹോ!

B:ഈ സിനിമയുടെ പേര്, 'അർച്ചന 31, നോട്ട് ഔട്ട്' എന്നാണല്ലോ, അതായത്,ഇത് അർച്ചനയുടെ കഥയാണ്. സിനിമയിൽ നായികയ്ക്കാണ് ഏറ്റവും പ്രാധാന്യം.അതുപോലെ, ഒരു തരത്തിൽ നായകനില്ലാത്ത സിനിമയും കൂടിയാണ്.

A:സഹോ, ഇപ്പോഴും അർച്ചനയെ പറ്റി അല്ലാതെ ബാക്കി, അതായത്,31 നോട്ട് ഔട്ടിനെ പറ്റി, ഒന്നും പറഞ്ഞില്ലല്ലോ?

B:അത് സഹോ,അതേപ്പറ്റി ഇപ്പോഴേ പറഞ്ഞാലേ, സിനിമ കാണുമ്പോഴുള്ള സസ്പെൻസ് പൊളിയില്ലേ!അതുകൊണ്ട് അതെല്ലാവരും കണ്ടു തന്നെ അറിയട്ടെന്ന്!

A:എന്നാൽ ശരി, ഞാൻ കൂടുതൽ നിർബന്ധിക്കുന്നില്ല.

A:എന്നാലും സഹോ താങ്കൾ സിനിമയെപ്പറ്റി കൂടുതൽ ഒന്നും പറഞ്ഞില്ലല്ലോ? പ്രധാന വേഷത്തിലെത്തുന്ന നടി അല്ലെങ്കിൽ നായിക

ആരാണ്? ഇതിന്റെ സംവിധായകനും നിർമ്മാതാവും കഥാകൃത്തും ഒക്കെ ആരാണ്? അതുപോലെ തന്നെ തിരക്കഥ ആരുടേതാണ്?

B: ശരി സഹോ, ഞാൻ ഓരോന്നായി വ്യക്തമായി തന്നെ പറയാം:

ഈ സിനിമയിലെ നായിക അല്ലെങ്കിൽ ഈ സിനിമയിൽ ഏറ്റവും പ്രധാന വേഷം കൈകാര്യം ചെയ്യുന്ന നടി ഐശ്വര്യ ലക്ഷ്മിയാണ്. ഐശ്വര്യയുടെതായി ഇതുവരെ പ്രേക്ഷകർ കണ്ട റോളുകളിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒന്നാണ് അർച്ചന.

അതുപോലെ തന്നെ, അഖിൽ അനിൽകുമാറാണ് ഈ സിനിമയുടെ സംവിധായകൻ. അദ്ദേഹത്തിന്റെ പ്രഥമ സംവിധായക സംരംഭവും കൂടിയാണ് ഈ സിനിമ. ഈ സിനിമയുടെ കഥയും അദ്ദേഹത്തിന്റെത് തന്നെയാണ്. സിനിമയുടെ തിരക്കഥ രചിച്ചിരിക്കുന്നത് അഖിൽ അനിൽകുമാറിനൊപ്പം, വിവേക് ചന്ദ്രനും അജയ് വിജയനും ചേർന്നാണ്. തിരക്കഥയിലെ പോലെ തന്നെ ഈ സിനിമയുടെ നിർമ്മാണവും നാല് പേർ ചേർന്നാണ്: ബിനീഷ് ചന്ദ്രൻ, സിബി ചവറ, രഞ്ജിത് നായർ, മാർട്ടിൻ പ്രക്കാട്ട് എന്നിവരാണ് അത്.

A:ഇത്രയും പറഞ്ഞ സ്ഥിതിക്ക്, ഐശ്വര്യ ലക്ഷ്മിയെ കൂടാതെ, ഈ സിനിമയിലുള്ള പ്രധാന നടീനടന്മാർ ആരൊക്കെയാണ് എന്നത് കൂടി പറയുമോ?

B: ഹക്കിം ഷാ,രാജേഷ് മാധവൻ,ഇന്ദ്രൻസ്, ലുക്മാൻ അവറാൻ, സുനിൽ സുഖദ, അഞ്ജന അപ്പുക്കുട്ടൻ, അഞ്ചു ജോസഫ്, മിനി കെ എസ്, രമേശ് പിഷാരടി തുടങ്ങിയവരാണ് സിനിമയിലെ മറ്റ് പ്രധാന അഭിനേതാക്കൾ.

A: എന്നാൽ സഹോ, സിനിമയെപ്പറ്റി ഒരു വിധം എല്ലാ കാര്യങ്ങളും പറഞ്ഞ സ്ഥിതിക്ക്, ഈ സിനിമയുടെ കഥയെപ്പറ്റി അല്ലെങ്കിൽ സിനിമ എന്താണ് ചർച്ച ചെയ്യുന്നത് എന്നതു കൂടി ഒന്ന് ചെറുതായി സൂചിപ്പിക്കാമോ?

B: ഒരുപാട് വിശദീകരിച്ച് പറയില്ല, എങ്കിലും സംഗ്രഹമായി പറഞ്ഞേയ്ക്കാം:

സിനിമയുടെ കഥയെപ്പറ്റി പറയാനാണെങ്കിൽ, ഈ സിനിമ പറഞ്ഞു വെയ്ക്കുന്നത്, ഇവിടത്തെ സാമൂഹിക ചുറ്റുപാടിൽ, അങ്ങേയറ്റം കാലിക പ്രസക്തമായ ഒരു കാര്യമാണ്.

അതായത്, നാം കണ്ടിട്ടുള്ള ഒരു ഗ്രാമത്തിലേക്ക് അല്ലെങ്കിൽ അവിടുത്തെ ജീവിതങ്ങളിലേക്ക് ക്യാമറക്കണ്ണ് തിരിച്ചു വെച്ചാൽ എങ്ങനെയിരിക്കും; ഈ സിനിമയും ഏറെക്കുറെ അതുപോലെതന്നെ. റിയലിസ്റ്റിക്കായ കുറെ ആളുകൾക്കൊപ്പം ഗ്രാമക്കാഴ്ചകളിലൂടെയും അതിന്റെ പച്ചപ്പിലൂടെയും

രണ്ടുമണിക്കൂർ നമുക്കും സഞ്ചരിക്കാം.

ചുരുക്കത്തിൽ ഇത് നമുക്കു ചുറ്റുമുള്ള പലരുടെയും കഥയാണ്.

A: ശരി സഹോ, അവസാനമായി, ഒരു കാര്യം കൂടി:

ഈ സിനിമ കണ്ടിട്ട്, ഇതിനെപ്പറ്റി, താങ്കൾക്കെന്താണ് തോന്നിയത്?

B:അതിപ്പോ, റിയലിസ്റ്റിക്കായ ഒരു കഥ, ഒരു പ്രത്യേക ഘട്ടത്തിൽ, റിയലിസത്തിനൊപ്പം സറിയലിസവും കൂടി ചേർത്ത് വിളമ്പുമ്പോൾ, വേണ്ടുന്ന പാകത്തിൽ നിന്ന്, ഒരു പൊടിക്ക്, പിന്നോട്ട് പോകുമ്പോഴുള്ള അവസ്ഥയില്ലേ, ഏതാണ്ട് അത് പോലെ തന്നെ. ഒരു ഘട്ടത്തിൽ ചെറിയ ബോറടി തോന്നിയെന്ന് വരാം! അതുപോലെ തന്നെ, സ്ക്രീനിൽ മുൻപിലെത്തിയ ചിലരെപ്പറ്റി, ഇവരൊക്കെ ശരിക്കും സിനിമയിൽ ആവശ്യമുണ്ടായിരുന്നോ എന്നും തോന്നാൻ സാധ്യതയുണ്ട്.

എങ്കിലും ക്ലൈമാക്സിലേക്ക് എത്തുമ്പോൾ, തോന്നാൻ സാധ്യതയുള്ള ലാഗ് അല്ലെങ്കിൽ മടുപ്പിന് പകരം, താൽപര്യവും ഉത്സാഹവും പ്രേക്ഷകരിലേക്ക് പെട്ടെന്ന് കുത്തിവെച്ചത് പോലുള്ള ഒരു ഫീല് കിട്ടും. സിനിമ കാണുമ്പോൾ, അർച്ചന ഞാൻ ആണെന്നോ അല്ലെങ്കിൽ നാമോരോരുത്തരും ആണെന്നോ ചില പെൺകുട്ടികൾക്കും സ്ത്രീകൾക്കുമെങ്കിലും തോന്നി കൂടായ്കയില്ല.

അതുപോലെ തന്നെ, പറഞ്ഞു കേട്ട അല്ലെങ്കിൽ പ്രതീക്ഷിച്ച അത്രയും ഇല്ലെങ്കിലും കുറച്ച് റിയലിസ്റ്റിക് കോമഡികളും ഉൾപ്പടെ ഒരു one time watchable മൂവിയാണ് ഇത്.